പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 164

# 2023-ലെ അബ്കാരി (ഭേദഗതി) ബിൽ

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2023

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 164

# 2023-ലെ അബ്കാരി (ഭേദഗതി) ബിൽ

708/2023.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 164

# 2023-ലെ അബ്കാരി (ഭേദഗതി) ബിൽ

1077-ലെ അബ്കാരി ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

## ബിൽ

പീഠിക.—1077-ലെ അബ്കാരി ആക്റ്റ് (1077-ലെ 1) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിനാലാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2023-ലെ അബ്കാരി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 55 എച്ച് വകുപ്പിന്റെ ഭേദഗതി.—1077-ലെ അബ്കാരി ആക്റ്റിലെ (1077-ലെ 1) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 55 എച്ച് വകുപ്പിൽ, "ഇരുപത്തയ്യായിരം" എന്ന വാക്കിനു പകരം "അമ്പതിനായിരം" എന്ന വാക്ക് ചേർക്കേണ്ടതാണ്.

3. 55 ഐ വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 55 ഐ വകുപ്പ് (2)-ാം ഉപവകുപ്പിൽ "പതിനായിരം" എന്ന വാക്കിനു പകരം, "അമ്പതിനായിരം" എന്ന വാക്ക് ചേർക്കേണ്ടതാണ്.

4. 67 എ വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 67 എ വകുപ്പിന്റെ പട്ടികയിൽ കോളങ്ങൾ (1), (2), (3) ഉം ഉൾക്കുറിപ്പുകൾക്ക് ശേഷം

| | | |
|---|---|---|
| "ഈ ആക്ടോ ആക്ടുപ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളോ ഏതെങ്കിലും ഉത്തരവോ ലംഘിച്ചുകൊണ്ട് ഏതെങ്കിലും വൃക്ഷത്തിൽ നിന്നും കള്ള് എടുക്കുകയോ എടുക്കുവാൻ ഇടയാക്കുകയോ ചെയ്യുന്നത്," | 55(ഇ) | 10,000 |

താഴെപ്പറയുന്ന ഉൾക്കുറിപ്പുകൾ യഥാക്രമം ചേർക്കേണ്ടതാണ്, അതായത്:—

| | | |
|---|---|---|
| "നിയമവിരുദ്ധമായ പരസ്യം | 55 എച്ച് | 50,000 |
| തിയേറ്ററുകളിൽ മുന്നറിയിപ്പ് കൂടാതെ മദ്യത്തിന്റെയോ മദ്യത്തിന്റെ ഉപഭോഗത്തിന്റെയോ പ്രദർശനത്തിന്റെയോ രംഗം കാണിക്കുന്നതിന് | 55 ഐ | 50,000 ". |

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

കേരളത്തിൽ വ്യവസായ സംരംഭങ്ങൾ നടത്തുവാൻ ഉദ്ദേശിക്കുന്ന സംരംഭകരുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുവേണ്ടി സംസ്ഥാന നിയമങ്ങളിലെ ചില വ്യവസ്ഥകൾ ഡീക്രിമിനലൈസ് ചെയ്യുവാൻ സർക്കാർ തീരുമാനിച്ചു.

നിലവിൽ 1077-ലെ അബ്കാരി ആക്ടിലെ 55 എച്ച്, 55 ഐ വകുപ്പുകൾ പ്രകാരമുള്ള കുറ്റകൃത്യങ്ങൾ പ്രസ്തുത ആക്ടിലെ 67 എ വകുപ്പ് പ്രകാരം രാജിയാക്കാവുന്നതല്ല. ഇപ്പോൾ സർക്കാർ മേൽപ്പറഞ്ഞ വകുപ്പുകൾ പ്രകാരമുള്ള കുറ്റകൃത്യങ്ങൾ ഡീക്രിമിനലൈസ് ചെയ്യാൻ തീരുമാനിക്കുകയും പിഴ വർദ്ധിപ്പിച്ചുകൊണ്ട് മേൽപ്പറഞ്ഞ വകുപ്പുകൾ പ്രകാരമുള്ള കുറ്റകൃത്യങ്ങൾ രാജിയാക്കാനും തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

**എം. ബി. രാജേഷ്.**

(ശരിത്തർജ്ജമ)

## 1077-ലെ അബ്കാരി ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

## (1077-ലെ 1-ാം ആക്റ്റ്)

** ** ** **

55 എച്ച്. നിയമവിരുദ്ധമായ പരസ്യത്തിനുള്ള ശിക്ഷ.— ഏതെങ്കിലും മദ്യമോ ലഹരിയുള്ള ഔഷധമോ ഉപയോഗിക്കുന്നതിന് പ്രേരിപ്പിക്കുന്നതോ അത് വാഗ്ദാനം ചെയ്യുന്നതോ ആയ ഏതെങ്കിലും പരസ്യം അച്ചടിക്കുകയോ പ്രസിദ്ധീകരിക്കുകയോ നൽകുകയോ ചെയ്യുന്ന ഏതൊരാളും ആറ് മാസക്കാലം വരെയാകാവുന്ന തടവോ ഇരുപത്തയ്യായിരം രൂപ വരെയാകാവുന്ന പിഴയോ അല്ലെങ്കിൽ ഇവ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

എന്നാൽ വിൽപ്പന കേന്ദ്രങ്ങളിൽ ഉപഭോക്താക്കളുടെ അറിവിലേക്കായി പ്രദർശിപ്പിച്ചിട്ടുള്ള വിലവിവര പട്ടികയ്ക്ക് ഈ വകുപ്പ് ബാധകമാകുന്നതല്ല. ".

** ** ** **

55 ഐ. തിയേറ്ററുകളിൽ പ്രദർശിപ്പിക്കുന്ന സിനിമകളിൽ മുന്നറിയിപ്പ് കൂടാതെ മദ്യത്തിന്റെയോ മദ്യത്തിന്റെ ഉപഭോഗത്തിന്റെയോ പ്രദർദശനത്തിന്റെയോ രംഗം കാണിക്കുന്നതിനുള്ള ശിക്ഷ.—(1) സിനിമകളിൽ മദ്യത്തിന്റെ ഉപയോഗമോ ഉപഭോഗമോ പ്രദർശനമോ അടങ്ങിയിരിക്കുന്ന യാതൊരു രംഗവും, അങ്ങനെയുള്ള രംഗത്തിൽ വ്യത്യസ്തമായ നിറങ്ങളിൽ വ്യക്തമായി കാണാൻ കഴിയുന്നതും രംഗത്തിന്റെ ആകെ വലിപ്പത്തിന്റെ 1/10 വലിപ്പമുള്ളതുമായ "CONSUMPTION OF ALCOHOL IS INJURIOUS TO HEALTH/മദ്യപാനം ആരോഗ്യത്തന് ഹാനികരം" എന്ന മുന്നറിയിപ്പോടുകൂടിയല്ലാതെ ചിത്രീകരിക്കുകയും തിയേറ്ററുകളിൽ പ്രദർശിപ്പിക്കുകയും ചെയ്യുവാൻ പാടുള്ളതല്ല.

(2) ഏതെങ്കിലും തിയേറ്ററിൽ (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ഉല്ലംഘിച്ചുകൊണ്ടുള്ള ഒരു രംഗം ഉള്ള ഏതെങ്കിലും സിനിമ പ്രദർശിപ്പിക്കുകയോ പ്രദർശിപ്പിക്കുന്നതിന് ഇടയാക്കുകയോ ചെയ്യുന്ന ഏതൊരാളും, കുറ്റസ്ഥാപനത്തിന്മേൽ ആറ് മാസം വരെയാകാവുന്ന വെറും തടവിനോ പതിനായിരം രൂപ വരെയാകാവുന്ന പിഴയ്ക്കോ അല്ലെങ്കിൽ ഇവ രണ്ടിനും കൂടിയോ ശിക്ഷിക്കപ്പെടേണ്ടതാണ്.

67 എ. കുറ്റങ്ങൾ രാജിയാക്കുന്നതിനുള്ള അധികാരം.—(1) എക്സൈസ് കമ്മീഷണർക്കോ ബന്ധപ്പെട്ട ജില്ലയിലെ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർക്കോ ഗസറ്റ് വിജ്ഞാപനംവഴി സർക്കാർ ഇതിലേക്ക് പ്രത്യേകമായി അധികാരപ്പെടുത്തിയ ഏതെങ്കിലും അബ്കാരി ആഫീസർക്കോ, (1)-ാം കോളത്തിൽ വിനിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും കുറ്റങ്ങൾ ചെയ്തിട്ടുണ്ടെന്ന് ന്യായമായി സംശയിക്കപ്പെടുന്ന ഏതൊരാളിൽനിന്നും, ഏതൊരു കുറ്റമാണോ ചെയ്യപ്പെട്ടിട്ടുള്ളത് അത് രാജിയാക്കുന്നതിനായി താഴെ പട്ടികയിൽ (3)-ാം കോളത്തിൽ പറഞ്ഞിട്ടുള്ള തുക സ്വീകരിക്കാവുന്നതും, ഏതെങ്കിലും വസ്തു പിടിച്ചെടുത്തിട്ടുണ്ടെങ്കിൽ അത് സർക്കാരിലേക്ക് കണ്ടുകെട്ടുകയോ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം കയ്യൊഴിക്കുകയോ ചെയ്യേണ്ടതാണ്.

**പട്ടിക**

| കുറ്റം | ആക്റ്റിലെ തൽസ്ഥാനീയ വകുപ്പ് | രാജിയാക്കൽ ഫീസ് രൂപയിൽ |
|---|---|---|
| (1) | (2) | (3) |
| വിജ്ഞാപനംവഴി സർക്കാർ നിർണ്ണയിക്കപ്പെട്ട അളവിൽ അധികമായി മദ്യമോ ലഹരി മരുന്നോ പരിവഹണം ചെയ്യുന്നത് | 10 | 5,000 |
| ** ** | | ** ** |
| ഈ ആക്റ്റോ ആക്റ്റുപ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളോ ഏതെങ്കിലും ഉത്തരവോ ലംഘിച്ചുകൊണ്ട് ഏതെങ്കിലും വൃക്ഷത്തിൽ നിന്നും കള്ള് എടുക്കുകയോ എടുക്കുവാൻ ഇടയാക്കുകയോ ചെയ്യുന്നത് | 55 (ഇ) | 10,000 |